# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 5, No. 6 : ജൂൺ 2012** | **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**മലയാളം മാസ പത്രിക** | **ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

*ധർമ്മ ധർമ്മ തൊ സബ് കഹെ,*
*പർ സമഝെ ന കോയ്,*
*നിർമ്മൽ മൻ കാ ആചരൺ,*
*സത്യ ധർമ്മ ഹൈ സോയ്.*

ധർമ്മം ധർമ്മം പറയുമെല്ലാരും,
ധർമ്മം അറിയുന്നില്ലാരും,
നിർമ്മല മനസ്സിന്നാചരണം,
സത്യ ധർമ്മമിതാണല്ലോ.

— **എസ. എൻ. ഗോയങ്ക**

# ജീവിതം തന്നെ മാറിപ്പോയി

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 29 ാം ഭാഗം)*

ധർമ്മമാകട്ടെ എല്ലാവർക്കും വേണ്ടിയാണ്. പുരുഷനായാലും സ്ത്രീയായാലും, ധനവാനായാലും, നിർദ്ധനനായാലും, പണ്ഡിതനായാലും പാമരനായാലും, സന്യാസിയായാലും ഗൃഹസ്ഥനായാലും – എല്ലാവർക്കും ധർമ്മം ആവശ്യമാണ്. ഇതേ പ്രകാരം ശീലത്തിന്റെ പാലനം ചെയ്യൽ, സമാധിവഴി മനസ്സിനെ വശത്താക്കൽ കൂടാതെ സ്വന്തം പ്രജ്ഞ ഉണർത്തി ചിത്തത്തെ നിതാന്ത നിർമ്മലമാക്കുന്നതിനുള്ള അഭ്യാസം എല്ലാവർക്കും ഉപയോഗമുള്ളതാണ്. ആരെങ്കിലും ഗൃഹത്യാഗം ചെയ്തു ഭിക്ഷുവായിത്തീരുന്നു, ഭിക്ഷുണിയായിത്തീരുന്നു. അപ്പോൾ അവർക്ക് മറ്റൊരു ഉത്തരവാദിത്വവും ഇല്ല. മുഴുവൻ ജീവിതം ഇതിൽ ഏർപ്പെട്ടു. മറ്റെന്താണ് ചെയ്യാനുള്ളത്? എന്തിനാണ് വീടുപേക്ഷിച്ചത് – ആദ്യം തന്നെത്താൻ നിർമ്മലമാക്കുക, പിന്നെ ലോകസേവയിൽ ഏർപ്പെടുക. എന്നാൽ ആര് ഗൃഹസ്ഥരാണോ, അവരുടെ തലയിലാകട്ടെ വളരെയേറെ ഉത്തരവാദിത്വങ്ങളുണ്ട്. അവരുടെ ജീവിതത്തിൽ എത്ര കയറ്റവും ഇരക്കവും ഉണ്ടാകുന്നു. ചിലപ്പോൾ ഏതെങ്കിലും മനസ്സിനിഷ്ടമാകാത്ത കാര്യം നടക്കുന്നു, ചിലപ്പോൾ മനസ്സിനിഷ്ടമാകുന്ന കാര്യം നടക്കുന്നില്ല. അപ്പോൾ ഉള്ളിൽ സംഘർഷം തന്നെ സംഘർഷം. സംഘർഷം ഉത്പന്നമാകുന്നതിന് അനേക കാരണങ്ങളുണ്ട് എന്നാൽ ഇല്ലാതാക്കാൻ അറിയുന്നില്ല. വളരെ കൂടുതലായാൽ സ്വന്തം മനസ്സിനെ മറ്റെവിടെയെങ്കിലും തിരിക്കും. മനസ്സിനെ സന്തോഷിപ്പിക്കുന്നതിനായി, മനോരഞ്ജനത്തിനായി എങ്ങാനും ഇവിടത്തെ അവിടത്തെ ഏതെങ്കിലും ആലംബനം തിരഞ്ഞെടുക്കും. എന്നാൽ ഉള്ളിലെ സംഘർഷമാകട്ടെ അപ്രകാരം തന്നെ നില്ക്കുന്നു. ഉള്ളിലെ ദുഖമാകട്ടെ അപ്രകാരം തന്നെ നില്ക്കുന്നു. ഇതിനാൽ ഗൃഹസ്ഥർക്കാകട്ടെ ഇതിന്റെ കൂടുതൽ ആവശ്യകതയുണ്ട്, അനിവാര്യമാണ്.

ഭഗവാൻ ബുദ്ധന്റെ ജീവിതകാലത്തിൽ ഭിക്ഷുവും ഭിക്ഷുണിയും എത്രയുണ്ടാകും? കൂടിയാൽ ഒരു ലക്ഷമുണ്ടാകാം, എന്നാൽ ഗൃഹസ്ഥൻമാർ കോടിക്കണക്കിനുണ്ടായിരുന്നു. ഉത്തരഭാരതത്തിലെ കോടിക്കണക്കിന് ഗൃഹസ്ഥർ ഇതേ മാർഗ്ഗത്തിൽ ഏർപ്പെട്ടു എന്നിട്ട് അതിനുശേഷം – തലമുറകളോടു തലമുറകൾ, തലമുറകളോടു തലമുറകൾ – ഇതേ മാർഗ്ഗത്തിൽ പ്രയത്നിച്ചുകൊണ്ടിരുന്നു. പിന്നെയാകട്ടെ മുഴുവൻ ഭാരതത്തിലും വിപശ്യന വ്യാപിച്ചു. വിദേശങ്ങളിലും പോയി. അയൽദേശങ്ങളിലും പോയി. വീടും കുടുംബവും ഉപേക്ഷിച്ച് ഭിക്ഷുവായിത്തീരുന്നവരാകട്ടെ വളരെ കുറവ്, ബാക്കി എല്ലാവരും ഗൃഹസ്ഥരാണ്. ഗൃഹസ്ഥർക്കായി വളരെ അനിവാര്യം. പാവപ്പെട്ടവനായാലും, ധനികനായാലും, ഒരു വ്യത്യാസവും ഇല്ല.

ഭഗവാന്റെ ജീവിതകാലത്തിൽ വളരെ പാവപ്പെട്ട കർഷകൻ – ആ പാവത്തിന്റെ കാളയെ കാണാതായി. അതിനാൽ മുഴുവൻ ദിവസവും സ്വന്തം കാളയെ തിരയുന്നതിന് ഇവിടെ അവിടെ അലഞ്ഞുകൊണ്ടിരുന്നു. ക്ഷീണിച്ച് അവശനായി വിശപ്പും ദാഹവും കൊണ്ട് വളരെ സമയത്തിനു ശേഷം ഭഗവാൻ ധർമ്മത്തിന്റെ ഉപദേശം കൊടുത്തുകൊണ്ടിരുന്ന സ്ഥാനത്ത് എത്തിച്ചേർന്നു. ഭഗവാൻ പറഞ്ഞു, നീ ഭക്ഷണം കഴിച്ചോ? അവൻ പറഞ്ഞു – മഹാരാജ്, എനിക്ക് ധർമ്മം വേണം. നീ ഭക്ഷണം കഴിച്ചോ? ഇല്ല മഹാരാജ്, ഇയാളെ ആദ്യം ഭക്ഷണം കഴിപ്പിക്കുക. ആദ്യം ഭക്ഷണം കഴിക്കുക, പിന്നീട് ധർമ്മം പഠിക്കുക. എന്താണ് ധർമ്മം? ശീലം, സമാധി, പ്രജ്ഞ. ശീലം, സമാധി പ്രജ്ഞ

അതുതന്നെ –. ദരിദ്രനായാലും, ധനികനായാലും ജീവിതം സുഖശാന്തിയാൽ നിറയപ്പെടും.

ആ ദിനങ്ങളിലെ ശ്രാവസ്തിയിലെ ഒരു വലിയ ധനികൻ – അനാഥപിണ്ഡകൻ, സ്വന്തം ഏതോ ജോലികാര്യത്തിനായി രാജഗിരിയിൽ പോയതായിരുന്നു. അവിടെ അദ്ദേഹം ഭഗവാന്റെ സമ്പർക്കത്തിൽ വന്നു. അതായത് ധർമ്മത്തിന്റെ സമ്പർക്കത്തിൽ വന്നു. കുറച്ചു ജനങ്ങൾ അത്തരത്തിലുണ്ട്. കൂടാതെ ആ സമയത്താകട്ടെ വളരെയുണ്ട് – അവർ അനേകജന്മങ്ങളായി പാകമായിക്കൊണ്ട്, അനേക ജന്മങ്ങളായി ഇങ്ങനെ അഭ്യാസം ചെയ്തുചെയ്ത് സ്വന്തം മനസ്സിനെ നിർമ്മലം ആക്കി ആക്കി അത്തരം അവസ്ഥയിൽ എത്തിച്ചേർന്നു – അവർക്കായി ഇനി വളരെ അധികം ജോലി ചെയ്യേണ്ട ആവശ്യമില്ല. മുൻപ് വളരെ ജോലി ചെയ്തിട്ടുണ്ട്. അവരിൽ ഈ ഒരു വ്യക്തി – ഭഗവാന്റെ ഉപദേശം കേട്ടുകൊണ്ടിരിക്കുകയാണ്. ഉപദേശം കേട്ടുകൊണ്ടിരിക്കുകയാണ് എന്നിട്ട് കേട്ട് കേട്ട് ഉള്ളിൽ തരംഗങ്ങൾ ഉണരാൻ തുടങ്ങി. ഉദയവ്യയം, ഉദയവ്യയം, മുഴുവൻ ശരീരസ്കന്ദവും, മുഴുവൻ ചിത്തസ്കന്ദവും കേവലം തരംഗങ്ങൾ തന്നെ തരംഗങ്ങൾ, തരംഗങ്ങൽ തന്നെ തരംഗങ്ങൾ. ഇപ്രകാരം ആയി ആയി എപ്പോൾ ചിത്തം നിതാന്തനിർമ്മലമാകുന്നോ അപ്പോൾ വേണമെങ്കിൽ ഒരു ക്ഷണത്തിനായി ഇന്ദ്രിയാതീതത്തിന്റെ അനുഭൂതി ഉണ്ടാകുന്നു – നിത്യ, ശ്വാശ്വത, ധ്രുവത്തിന്റെ അനുഭൂതി ഉണ്ടാകുന്നു, നിർവ്വാണത്തിന്റെ അനുഭൂതി ഉണ്ടാകുന്നു. ഈ വ്യക്തിക്ക് ഉണ്ടായി. അപ്പോൾ പൂർണ്ണമായി മാറിപ്പോയി. ധനവാനായ കാരണം ജീവിതത്തിൽ മുമ്പ് കുറച്ച് കുറവുകളുണ്ടായിരുന്നു. മദ്യം മുതലായവ കഴിച്ചിരുന്നു കൂടാതെ വൈഭവ വിലാസത്തിന്റെ ജീവിതമായിരുന്നു. ഇപ്പോൾ പൂർണ്ണമായും മാറിപ്പോയി.

ഇത്തരം അനുഭവം ആർക്കെങ്കിലും ഉണ്ടായാൽ ഇത്തരം പരമശാന്തിയുടെ അനുഭവം – ആയാൽ വെറുതെയിരിക്കാൻ കഴിയില്ല. അയ്യോ, ഇത്തരം ശാന്തി മറ്റുള്ളവർക്കും ലഭിക്കണം. നാലുവശത്തും ജനങ്ങൾ എത്ര ദുഖിതരാണ്. അത് ധനഹീനരാണോ – അവരാകട്ടെ ധനഹീനരായ കാരണം ദുഖിതർ തന്നെയാണ്. ആര് എന്നെപ്പോലെ ധനവാനാണോ അവനും എത്ര ദുഖിതനാണ്. ഉള്ളിൽ എത്ര വികാരം, എത്ര അഹങ്കാരം? സംഘർഷം തന്നെ സംഘർഷം. ഈ വിദ്യ ലഭിച്ചിരുന്നെങ്കിൽ, ചിത്തം നിർമ്മലമായെങ്കിൽ അതുമൂലം സമതയാൽ നിറഞ്ഞെങ്കിൽ, മൈത്രിയാൽ നിറഞ്ഞെങ്കിൽ, ജീവന്റെ ചട്ടക്കൂടുതന്നെ മാറുമായിരുന്നു. ജീവിതം തന്നെ മാറുമായിരുന്നു. അതിനാൽ ഭഗവാനോട് പ്രാർത്ഥിക്കുന്നു – ആദരണീയ ഭഗവാൻ, താങ്കൾ ശ്രാവസ്ഥിയിൽ വന്നാലും, അത് ആ ദിനങ്ങളിലെ ഭാരതത്തിന്റെ ഏറ്റവും വലിയ നഗരം, ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ള നഗരം, അതിനാൽ പറയുന്നു മഹാരാജ്, അവിടെ വളരെ ദുഖിതരുണ്ട്, താങ്ങളുടെ ധ്യാനകേന്ദ്രം അവിടെ ഉണ്ടായെങ്കിൽ, താങ്ങളുടെ വിഹാരം ഉണ്ടായെങ്കിൽ അവിടെയുള്ള ജനങ്ങൾക്ക് വളരെ മംഗളമുണ്ടാകും. അതിനാൽ അടുത്ത മഴക്കാലവാസത്തിന് താങ്കൾ ശ്രാവസ്ഥിയിൽ വന്നാലും.

ഭഗവാൻ മൗനമായിരുന്നു. അപ്പോൾ മനസ്സിലായി ഭഗവാൻ സമ്മതിച്ചെന്ന്. ശ്രാവസ്ഥിയിൽ പോയി – അവിടെ സ്ഥാനം അന്വേഷിച്ചു കൊണ്ടിരുന്നു. ഈ തപോഭൂമി എവിടെ നിർമ്മിക്കണം? തപോഭൂമി കേവലം ഭിക്ഷുവിനും ഭിക്ഷുണിക്കും മാത്രമായിട്ടുള്ളതല്ല. അപ്രകാരമാണെങ്കിൽ നഗരത്തിൽ നിന്നും ദൂരെ ഏതെങ്കിലും കാട്ടിൽ നിർമ്മിക്കാമായിരുന്നു. ഗൃഹസ്ഥ പുരുഷർ, സ്ത്രീകൾ എല്ലാവരും വരും. നഗരത്തിൽ നിന്നും വളരെ ദൂരെയാണെങ്കിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടാണ്, വരില്ല. നഗരത്തിൽ തീർത്തും മധ്യത്തിലാണെങ്കിൽ അവിടെ കോലാഹലം ഉണ്ടാകും അപ്പോൾ എങ്ങിനെ ധ്യാനം ചെയ്യും? അതിനാൽ അധികം ദൂരത്തും ആകരുത്, അധികം അടുത്തും ആകരുത്. ചുറ്റുവട്ടത്തും ഒരു കോലാഹലവും ഉണ്ടാകരുത്. ശാന്ത വാതാവരണമായിരിക്കണം, തപോഭൂമിക്ക് യോജിച്ച സ്ഥാനമായിരിക്കണം. ഇതിന്റെ അന്വേഷണം ചെയ്യുകയാണ്. അന്വേഷണം ചെയ്തു ചെയ്ത് ഒരു സ്ഥാനം അദ്ദേഹത്തിന് വളരെ ഉപയുക്തമായി തോന്നി. ഇതാകട്ടെ എല്ലാ കാര്യത്തിലും യോജിച്ചതാണ്. ഇവിടെ ഭഗവാന്റെ ധ്യാനകേന്ദ്രം നിർമ്മിക്കേണ്ടതുണ്ട്. ഇവിടെ അദ്ദേഹത്തിന്റെ വിഹാരം നിർമ്മിക്കേണ്ടതുണ്ട്. അപ്പോൾ ഇതിന്റെ ഉടമസ്ഥൻ ആരാണ്? ഇതിന്റെ ഉടമസ്ഥൻ രാജകുമാർ, ജേതരാജകുമാരനാണ്. ഇത് ജേതരാജകുമാരന്റെ ഉദ്യാനമാണ്. അതിനാൽ രാജമകുമാരന്റെ അടുത്തു പോയി,

ഞാൻ താങ്കളുടെ ഈ ഉദ്യാനം വാങ്ങാൻ ആഗ്രഹിക്കുന്നു.

ഞാൻ വില്ക്കുന്നില്ല. ഞാൻ വിൽക്കാനല്ല ഈ ഉദ്യാനം വച്ചിരിക്കുന്നത്. സ്വന്തം ആമോദപ്രമോദത്തിനാണ് വച്ചിരിക്കുന്നത്.

എന്തെങ്കിലും വില പറഞ്ഞാലും.

ഞാൻ ഒരു വിലക്കും വിൽക്കില്ല.

എന്തെങ്കിലും വില പറഞ്ഞാലും.

അതിനാൽ ഒഴിഞ്ഞുമാറാനായി അയാൾ പറയുകയാണ്, ഇതിന്റെ വില എത്രയാണെന്ന് അറിയാമോ? മുഴുവൻ ഭൂമിയിലും സ്വർണ്ണം വിരിക്കേണ്ടതുണ്ട്. കച്ചവടം ഉറപ്പിച്ചു. കച്ചവടം ഉറപ്പിച്ചു? ജേതരാജകുമാരൻ നോക്കുകയാണ്, ഇയാൾ എത്തരം വ്യക്തിയാണ്? അയാൾ വിൽക്കാനാഗ്രഹിക്കുന്നില്ല. എന്നാൽ ആ ദിനങ്ങളിലെ രാജ്യത്തിന്റെ നിയമം ഇത്തരത്തിലാണ് – ഏതെങ്കിലും വ്യക്തി ഏതെങ്കിലും വസ്തു അല്ലെങ്കിൽ ഏതെങ്കിലും ഭൂമിയുടെ മൂല്യം പറഞ്ഞു, അപ്പോൾ വാങ്ങുന്നയാൾ പറയുകയാണ്, ഞാൻ വാങ്ങിച്ചു – എങ്കിൽ ഇനി ഇല്ല എന്നു പറയാൻ പറ്റില്ല. ഒന്നുകിൽ വില പറയരുത് എന്നാൽ പറഞ്ഞു എങ്കിൽ ബന്ധിതനായി.

ഇപ്പോൾ ഈ സേട്ടായ അനാഥപിണ്ഡകൻ സ്വർണ്ണനാണയങ്ങളെ വണ്ടിയിൽ നിറച്ചുനിറച്ചു കൊണ്ടുവരുന്നു എന്നിട്ട് വിരിക്കുന്നു. വണ്ടികളിൽ നിറച്ചു നിറച്ചു കൊണ്ടു വരുന്നു, വിരിക്കുന്നു. ജേതരാജകുമാരൻ നോക്കിക്കൊണ്ടിരിക്കുകയാണ്. ഈ ധനികന് ഭ്രാന്താണോ. ഭൂമിക്ക് ഇത്ര വില എപ്പോഴെങ്കിലും ഉണ്ടാകുമോ? അതിനാൽ അദ്ദേഹത്തോട് പറയുകയാണ്, നീ എന്താണ്

ചെയ്തുകൊണ്ടിരിക്കുന്നത്? ഏതെങ്കിലും ഭൂമിക്ക് എപ്പോഴെങ്കിലും ഇത്ര വലയുണ്ടാകുമോ? അനാഥപിണ്ടകൻ പറയുകയാണ്, ഈ ഭൂമിക്ക് എത്ര വില ഉണ്ടാകുമെന്ന് നിങ്ങൾക്കറിയില്ല. ഇവിടെ ബുദ്ധഭഗവാൻ വന്ന് ധർമ്മം പഠിപ്പിക്കും. ദുഖിതർക്ക് വിപശ്യന പഠിപ്പിക്കും. ആയിരക്കണക്കിന് ജനങ്ങൾ ധർമ്മത്തിന്റെ മാർഗ്ഗം പഠിച്ചുകൊണ്ട്, വിപശ്യനയുടെ വിധിപഠിച്ചുകൊണ്ട് സ്വന്തം ദുഖങ്ങളിൽ നിന്നും മുക്തരായിത്തീരും. ജന്മജന്മത്തിന്റെ ദുഖങ്ങളിൽ നിന്നും മുക്തരാകും. ഇവിടെ ആയിരക്കണക്കിന് ജനങ്ങളുടെ നന്മയാകാൻ പോകുകയാണ്. എന്റെ ഈ സമ്പത്ത് ഒരു വ്യക്തിക്കെങ്കിലും ഉപകാര മായാൽ, ഒരു വ്യക്തിയെങ്കിലും ഭവചക്രത്തിന്റെ ദുഖങ്ങളിൽ നിന്ന് പുറത്തുവന്നാൽ അതുമായി താരതമ്യം ചെയ്യുമ്പോൾ ഈ സമ്പത്തിനെന്തു മൂല്യമാണുള്ളത്? ഈ ഭൂമിക്ക് വളരെ മൂല്യമുണ്ടാകുന്നതാണ്. ജേതരാജകുമാരൻ നോക്കു കയാണ്, കാര്യം ശരിയാണ്. അദ്ദേഹത്തെ തടയുന്നു. അങ്ങനെയാണെങ്കിൽ എത്ര സ്ഥലത്ത് നിങ്ങൾ സ്വർണ്ണം വിരിച്ചോ, വിരിച്ചു. ബാക്കി സ്ഥലം എന്റെ ഭാഗത്തു നിന്നും ദാനം തരുന്നു. അവിടെ ധ്യാനത്തിന്റെ കേന്ദ്രം നിർമ്മിച്ചു. ഇന്നും ആ സ്ഥാനം അനാഥപിണ്ടകന്റെ ജേതവനവിഹാരമെന്ന പേരിൽ പ്രസിദ്ധമാണ്. അതിനാൽ ആയിര ക്കണക്കിന് ജനങ്ങൾക്ക് ലാഭമുണ്ടായി. ഇതേ വിപശ്യന വിദ്യ പഠിച്ചു പഠിച്ച് ഗൃഹസ്ഥൻമാർക്കും ലാഭമുണ്ടായി, ഭിക്ഷു-ഭിക്ഷുണിമാർക്കും ലാഭ മുണ്ടായി.

ഈ അനാഥപിണ്ഡകൻ വലിയ ധനവാൻ. ദൂരെദൂരെയുള്ള ദേശങ്ങളിൽ അദ്ദേഹത്തിന് വ്യാപാരമുണ്ടായിരുന്നു. ദൂരെദൂരെയുള്ള ദേശങ്ങളിൽ അദ്ദേഹത്തിന്റെ വ്യാപാരത്തിന്റെ ശാഖകൾ. എന്നിരുന്നാലും ഗൃഹസ്ഥന്റെ ജീവിതത്തിൽ കയറ്റവും ഇറക്കവും വരികതന്നെ ചെയ്യാറുണ്ട്. ഒരു സമയം വന്നു - അദ്ദേഹം പരമ ദരിദ്രനായി. എന്നാൽ ദിവസവും നിഷ്ഠയോടെ രാവിലെയും വൈകിട്ടും ആ തപോഭൂമിയിൽ പോകുമായിരുന്നു, ധ്യാനം ചെയ്യുമായിരുന്നു. വെറും കൈയ്യോടെ ഒരിക്കലും പോകില്ല. ഗൃഹസ്ഥനല്ലെ. ഗൃഹസ്ഥന്റെ ധർമ്മം ദാനം ചെയ്യലാണ്. മുൻപു തന്നെ അദ്ദേഹത്തിന്റെ പേര് അനാഥപിണ്ടകൻ എന്നാ യതിന്റെ കാരണം - എവിടെ എവിടെ അദ്ദേഹത്തിന്റെ വ്യാപാരത്തിന്റെ ശാഖകളുണ്ടാ യിരുന്നോ, അവിടെ ഒരു വ്യക്തിയും വിശന്നിരിക്കില്ല. എല്ലാവർക്കും ഭോജനം ലഭിക്കുമായിരുന്നു. ഇത്ര ദാനം ചെയ്യുന്ന വ്യക്തി. ഇപ്പോൾ വിചാരിക്കുന്നു, ഏതെങ്കിലും വിശന്നിരിക്കുന്നവന് ഭോജനം കൊടുക്കുന്നത് നല്ല കാര്യമാണ് - എന്നാൽ നാളെ വീണ്ടും വിശക്കും. ദാഹിക്കുന്നവന് വെള്ളം കൊടുക്കുന്നത് വളരെ നല്ല കാര്യമാണ് എന്നാൽ നാളെ വീണ്ടും ദാഹമുള്ളവനാകും. നഗ്നന് വസ്ത്രം കൊടുക്കുന്നത് വളരെ നല്ല കാര്യമാണ്, എന്നാൽ കുറച്ചു സമയത്തിനു ശേഷം വീണ്ടും നഗ്നനാകും. ഏതെങ്കിലും ദുഖിതന് ധർമ്മം ലഭിച്ചെങ്കിൽ, വിപശ്യന ലഭിച്ചെങ്കിൽ, ജീവൻ ജീവിക്കാനുള്ള കല ലഭിച്ചെങ്കിൽ മുഴുവൻ ദുഖങ്ങളിലും നിന്ന് പുറത്തുവരും. ഇതിലും വലിയ മറ്റെന്തു ദാനമാണുള്ളത്? ആയതുകൊണ്ട് ഈ വിഹാരം നിർമ്മിച്ചു. ജനങ്ങൾക്ക് വിപശ്യന ലഭിക്കുകയാണ്, എന്നിരുന്നാലും വെറും കൈയ്യോടെ പോകുന്നില്ല. ഏതു ജനങ്ങൾ ധ്യാനം ചെയ്തുകൊണ്ടി രിക്കുകയാണോ അവർക്കായി എന്തെങ്കിലും, എന്തെങ്കിലും ഒപ്പം കൊണ്ടുപോകുമായിരുന്നു. ഇപ്പോഴാകട്ടെ പരമ ദരിദ്രനാണ്. എന്തുകൊണ്ട് പോകാനാണ്?

നോക്കുന്നു, വീടിന്റെ പിറകിൽ വളരെ നല്ല പൂന്തോട്ടം ഉണ്ടായിരുന്നു. അവിടത്തെ മണ്ണ് വളരെ വളക്കൂറുള്ളതാണ്. അവിടത്തെ രണ്ടു പിടി മണ്ണ് എടുത്തു കൊണ്ടു പോകുകയാണ്, എന്നിട്ട് ഈ ജേതവനത്തിൽ, ഈ തപോവനത്തിൽ വന്ന് ഏതെങ്കിലും മരത്തിന്റെ ചുവട്ടിൽ ഇടുന്നു. ഈ വളക്കൂറുള്ള മണ്ണിനാൽ ഈ വൃക്ഷം നല്ലപോലെ വളരട്ടെ, നല്ലപോലെ തണൽ തരുന്നതാകട്ടെ, എന്നിട്ട് ഇതിന്റെ തണലിൽ ഇരുന്നുകൊണ്ട് ഏതെങ്കിലും വ്യക്തിക്ക് നന്മ ഉണ്ടാകട്ടെ. വളരെ നന്മ നിറഞ്ഞ ചിത്തത്തോടെ, സേവാ ഭാവമുള്ള ചിത്തത്തോടെ ദാനം ചെയ്യുന്നു. ഗൃഹസ്ഥനാണ്, കയറ്റവും ഇറക്കവും വരുന്നുണ്ട്. കുറച്ചു സമയത്തിനുശേഷം അതേപോലെ തന്നെ ധനികനായി എന്നിട്ട് അതേപ്രകാരത്തിൽ ചെയ്തു കൊണ്ടിരിന്നു. അധികം അധികം ജനങ്ങൾക്ക് എങ്ങനെ നന്മയുണ്ടാകും? അധികാധികം ജനങ്ങൾക്ക് ഈ നന്മനിറഞ്ഞ വിദ്യ എങ്ങനെ ലഭിക്കും സ്വന്തം ജീവിതവും മാറിപ്പോയി. അനേകരുടെ ജീവിതവും മാറ്റുന്നതിന് സഹായകമായി. അപ്രകാരം എത്രയോപേരായി.

മറ്റൊരു ഗൃഹസ്ഥ സ്ത്രീ കൂടി - അവരുടെ മാതാപിതാവ് വിപശ്യന ചെയ്യുന്നവരാണ്. അവരുടെ മുത്തശ്ശനും മുത്തശ്ശിയും വിപശ്യന ചെയ്യുന്നവർ. അതിനാൽ വളരെ ചെറുപ്രായത്തിൽ സ്ത്രീയും വിപശ്യന ചെയ്യുന്നവളായി. എന്നിട്ട് ധ്യാനം ചെയ്തു ചെയ്ത്, വിപശ്യന ചെയ്ത് ചെയ്ത്, ക്ഷണികസമയത്തേക്കാണെങ്കിൽ പോലും, ആ സ്ത്രീയും നിർവ്വാണത്തിന്റെ സാക്ഷാത്കാരം ചെയ്തു. ജീവിതം മാറിപ്പോയി. കരുണാ - മൈത്രി - ഇപ്പോഴാകട്ടെ എപ്രകാരം മറ്റുള്ളവർക്ക് നന്മയുണ്ടാകും! എങ്ങനെ മറ്റുള്ളവർക്കും ഇത്തരം സുഖം ലഭിക്കും, ഇത്തരം ശാന്തി ലഭിക്കും. പതിനാറു വർഷം പ്രായമായി, വിവാഹിതയായി. എന്നാൽ ഏതു വീട്ടിൽ വിവാഹിതയായോ ആ വീട്ടിൽ ധർമ്മം ലവലേശമില്ല. അവരുടെ ഭർത്താവിന്റെ അമ്മയില്ല, മരിച്ചുപോയി. ഭർത്താവിന്റെ അച്ഛനുണ്ട്, അയാൾ അമ്മയുടെയും അച്ഛന്റെയും രണ്ടുപേരുടെയും ജോലി ചെയ്യും. വളരെ കോപമുള്ളവൻ, വളരെ സംശയാലു, വളരെ പിശുക്കൻ, ഒരിടത്തും അല്പം പോലും ദാനം കൊടുക്കില്ല. എന്നാൽ ഈ പുത്രി വിശാഖാ ധർമ്മത്താൽ നിറഞ്ഞവൾ, പ്രജ്ഞയാൽ നിറഞ്ഞവൾ. അവിടെ വന്നപ്പോൾ വളരെ വിവേകത്തോടെ മുഴുവൻ വീടിന്റെയും അന്തരീക്ഷത്തിനെ മാറ്റി. ആ ഭർത്താവിന്റെ അച്ഛൻ, അയാൾക്ക് ധർമ്മം തീരെയില്ല, എങ്ങനെയാണ് അയാളെ പതുക്കെ പതുക്കെ ധർമ്മത്തിന്റെ മാർഗ്ഗത്തിലെത്തിച്ചത്? ഒരിക്കലും അല്പം പോലും ദാനം കൊടുക്കാത്തയാളായിരുന്നു. എപ്പോഴെങ്കിലും വാതുക്കൽ ഏതെങ്കിലും യാചകനൊ ഭിക്ഷുവൊ വന്നാൽ ഇയാൾ ഭോജനം ചെയ്തു കൊണ്ടിരിക്കുയാണെങ്കിൽ പുറം തിരിഞ്ഞിരിക്കും, എന്തെന്നാൽ താൻ എത്തരം ഭക്ഷണമാണ് കഴിക്കുന്നത് എന്ന് അവർ കാണരുത്. ഈ പാവം

ദിവസവും കാണുകയാണ്. ഒരു ദിവസം ഏതൊ ഭിക്ഷു വന്നു. അപ്പോൾ ഇയാൾ പുറം തിരിഞ്ഞിരുന്നു. ഇവൾ ഭിക്ഷുവിനോട് പറഞ്ഞു 'പോകൂ എന്റെ ശ്വശുരൻ പഴകിയ ഭക്ഷണമാണ് കഴിക്കുന്നത്, നിങ്ങൾ പോയാലും' ഭിക്ഷുവാകട്ടെ പോയി. ഇപ്പോൾ അമ്മായിയച്ഛന് അളവില്ലാത്ത കോപം വന്നു. 'എനിക്ക് ചീത്തപ്പേരുണ്ടാക്കുന്നോ? ഈ വ്യക്തി എല്ലായിടത്തും പറഞ്ഞുകൊണ്ട് നടക്കും, ഞാൻ പഴകിയ ഭക്ഷണമാണ് കഴിക്കുന്നത് – ഇത് പഴകിയ ഭക്ഷണമാണോ?' എത്ര പുതിയ ഭക്ഷണമാണ്.

വളരെ സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കുന്നു, 'പഴയതു തന്നെയല്ലെ! ആർക്കറിയാം ഏതു ജന്മത്തിലാണ് താങ്കൾ ദാനം ചെയ്തതെന്ന്, അതിന്റെ ഫലമായി ധനം വന്നു, സമ്പത്തു വന്നു. ഇപ്പോൾ ഒന്നും തന്നെ ചെയ്യുന്നില്ലല്ലോ! പുതിയത് ഒന്നുമില്ലല്ലോ, എല്ലാം പഴയതു തന്നെ പഴയത്!' ഇപ്രകാരം ഭിന്ന–ഭിന്ന പ്രകാരത്തിൽ മനസ്സിലാക്കിക്കൊടുത്തുകൊണ്ട് വീടിന്റെ മുഴുവൻ അന്തരീക്ഷവും മാറ്റി. ഏതെങ്കിലും ഒരു വ്യക്തിയിൽ – കുടുംബത്തിലെ ഒരു വ്യക്തിയിൽ ധർമ്മം വന്നാൽ അതിന്റെ പ്രഭാവത്താൽ മറ്റുള്ളവിരിലും വരാൻ തുടങ്ങുന്നു. മുഴുവൻ കുടുംബവും സുഖമുള്ളതായിത്തീരുന്നു. ഇപ്രകാരം എത്രയൊ വ്യക്തികളിലായി. ഭഗവാന്റെ ജീവതകാലത്തിൽ മാത്രമാണ് ഉണ്ടായെങ്കിൽ, ഭഗവാന്റെ ആശ്ചര്യമാണ് എന്ന് വിചാരിക്കാമായിരുന്നു. ആശ്ചര്യമാകട്ടെ ധർമ്മത്തിന്റെയാണ്. ധർമ്മം എപ്പോളെപ്പോൾ ഭാരതത്തിൽ ഉണ്ടായിരുന്നോ, എപ്പോഴെപ്പോൾ ഈ വിദ്യ ഭാരതത്തിൽ ഉണ്ടായിരുന്നോ, ഇതേ തരത്തിലുള്ള പരിണാമം വന്നുകൊണ്ടിരിന്നു. ജനങ്ങൾ മാറിക്കൊണ്ടിരിന്നു, അവരുടെ ജീവിതം മാറിക്കൊണ്ടിരിന്നു. ജീവൻ സാത്വികതയാൽ നിറഞ്ഞു, സദ്ഗുണങ്ങളാൽ നിറഞ്ഞു. ശാന്തിയാൽ നിറഞ്ഞു, സുഖത്താൽ നിറഞ്ഞു.

വളരെ ധനസമ്പത്തുണ്ടെങ്കിൽ കൂടി ശാന്തി എവിടെ, സുഖം എവിടെ? വ്യാകുലത തന്നെ വ്യകുലത. ഉറക്കം വരുന്നില്ല. പടിഞ്ഞാറുള്ള ദേശം ഭൗതിക ദൃഷ്ടിയാൽ വളരെ വികസിതമാണ് എന്നു പറയുന്നു. വളരെ വികസനം എന്താണ്? വളരെ ധനമുണ്ട്, വളരെ സമ്പത്തുണ്ട്. എന്നാൽ പറയപ്പെടുന്നതെന്തെന്നാൽ – അവിടെ ഓരോ മൂന്നാമത്തെ വ്യക്തിയും രാത്രിയിൽ ഉറക്കഗുളിക കഴിച്ചുകൊണ്ടാണ് ഉറങ്ങുന്നത്, Tanquiliser കഴിച്ചാണ് ഉറങ്ങുന്നത്. ദിവസവും ടൺ കണക്കിന് ഉറക്കഗുളിക, Tanquiliser വിൽക്കപ്പെടുന്നു. അയ്യോ, സുഖമില്ല, ശാന്തിയില്ല, കേവലം സമ്പത്തുണ്ട്. നമ്മുടെ ദേശത്തിലും നിറയെ സമ്പത്തുണ്ട്. ധർമ്മം നമ്മളെ ദരിദ്രതയല്ല പഠിപ്പിക്കുന്നത്. എല്ലാ ദൃഷ്ടികോണിലൂടെയും ശരിക്കും സാമ്പത്തിക മുന്നേറ്റമുണ്ടാകണം, ഒപ്പം തന്നെ ധർമ്മവും വരണം. അപ്പോഴെ സമ്പത്തിനൊപ്പം, ഐശ്വര്യത്തിനൊപ്പം, സമൃദ്ധിക്കൊപ്പം സുഖം വരികയുള്ളു, ശാന്തി വരികയുള്ളു. മുഴുവൻ വിശ്വത്തിനും ഒരു മാതൃകയാകണം. വിപശ്യന വന്നാൽ അത്തരം മാതൃക ജനങ്ങളിൽ വരാൻ തന്നെ തുടങ്ങുന്നു.

എന്റെ ഗുരുദേവൻ, സ്വർഗ്ഗസ്ഥനായ ആദരണീയ ഊ ബാ ഖിന്റെ ജീവിത കാലത്തെ ഒരു സംഭവം. ബർമ്മ ദേശം സ്വതന്ത്രമായപ്പോൾ – ഭാരതത്തിൽ അനേകം ചെറിയ ചെറിയ നാട്ടുരാജ്യങ്ങളുണ്ടായിരുന്നു. ഒരു വിവേകിയായ മനുഷ്യൻ അതിനെ എല്ലാം ഒരുമിച്ചാക്കി ഒരു ഭാരതം, 'യുണിയൻ ഓഫ് ഇന്ത്യ' ഉണ്ടാക്കി. അപ്രകാരം തന്നെ ബർമ്മയിൽ ഒരു വിവേകിയായ മനുഷ്യൻ ചെറിയ ചെറിയ നാട്ടുരാജ്യങ്ങളെ കൂട്ടിയിണക്കി 'യൂണിയൻ ഓഫ് ബർമ്മ' ഉണ്ടാക്കി. എന്നിട്ട് ഈ നാട്ടുരാജ്യങ്ങളിളെ ഏതൊരു രാജാവുണ്ടായിരുന്നോ അവരെ സന്തോഷിപ്പിക്കുന്നതിന് അവരുടെ ഏതോ ഒരു ചെറിയ നാട്ടുരാജ്യത്തെ രാജാവിനെ രാജ്യത്തെ പ്രസിഡൻട്ട് ആക്കിത്തീർത്തു. അയാൾ വളരെ സന്തോഷവാനായി. ആദ്യമാകട്ടെ ഒരു ചെറിയ നാട്ടു രാജാവായിരുന്നു. ഇപ്പോഴാകട്ടെ മുഴുവൻ ബർമ്മയുടെ യുവരാജാവായി. പാവത്തിന്റെ പക്കൽ അധികാരമൊന്നുമില്ല. പ്രസിഡന്റാണ്, അലങ്കാര പദവിയാണ്. മതി, വളരെ ബഹുമാനം, മാന്യത. ഭരണാധികാരമില്ല, ശക്തിയില്ല. പ്രധാനമന്ത്രിയുടെ പക്കലാണ് ഭരണാധികാരം. എന്നിരുന്നാലും വളരെ സന്തുഷ്ടൻ. അദ്ദേഹം ഒരു രാത്രി വലിയ പാർട്ടി കൊടുത്തു. പ്രസിഡന്റ് ഹൗസിൽ വളരെ വലിയ പാർട്ടി.. ദേശത്തെയും വിദേശത്തേയും വിശിഷ്ഠ മാന്യരായ വ്യക്തികൾ ഒരുമിച്ചു കൂടി. അത്താഴത്തിന്റെ സമയം ഏഴരമണിക്ക് നിശ്ചയിച്ചിരുന്നു. അഥിതികളെല്ലാം എത്തിച്ചേർന്നു. ആഥിതേയനെപ്പറ്റി വിവരമൊന്നുമില്ല. പ്രധാനമന്ത്രി നോക്കുകയാണ്, എന്തുപ്പറ്റി?

കുറച്ചുസമയം പ്രതീക്ഷിച്ചു. നോക്കട്ടെ ഏഴേമുക്കാലായി, എട്ടുമണിയായി.. അയ്യോ, ഇതുവരെ വന്നില്ല അതിനാൽ ആരെയോ അയച്ചു. അദ്ദേഹം മുകളിലുള്ള മുറിയിലാണ് താമസിക്കുന്നത്. അതിനാൽ അദ്ദേഹത്തിന്റെ നിവാസത്തിലേക്കയച്ചു. എന്തുപ്പറ്റി? സമയമായി, പ്രസിഡന്റ് എന്തുകൊണ്ടാണ് വരാത്തത്? ആര് മുകളിൽ പോയോ അവൻ വന്ന് പ്രധാനമന്ത്രിയുടെ കാതിൽ പറയുകയാണ് – അയാൾ വരുന്നതിന് യോഗ്യനല്ല. എന്തുപ്പറ്റി? അയ്യോ, ഇന്ന് അയാൾ. കുടിച്ചു, കുടിച്ചു – അയാൾ നിലത്ത് കമഴ്ന്നു കിടക്കുകയാണ്, ബോധം തന്നെയില്ല. പാർട്ടിയിൽ എങ്ങനെ വരും, എങ്കിൽ പാർട്ടി എങ്ങനെ നടക്കും? പോകൂ, രണ്ടുപേർ ഏതെങ്കിലും തരത്തിൽ അയാളെ കൊണ്ടുവരിക. ആശ്രയം കൊടുത്ത് കൊണ്ടുവരിക. അതിനാൽ സ്വന്തം തോളിലേറ്റി രണ്ടുപേർ കൊണ്ടുവരുന്നു, എക്കിളിട്ടുകൊണ്ട് എക്കിളിട്ടുകൊണ്ട് പകുതി ബോധം, പകുതി അബോധം, വന്നു ടോപ്ടേബിളിന്റെ പ്രധാന കസേരയിൽ ഇരുത്തി. ഡിന്നറിന്റെ ഫസ്റ്റ് കോർസ്സ് സർവ്വ് ചെയ്തു, രണ്ടാം കോർസ്സ്, മൂന്നാമത്തെ കോർസ്സ് കൊടുക്കുകയാണ്. അപ്പോൾ അയാൾ ഛർദ്ദിക്കാൻ തുടങ്ങി. മുഴുവൻ ടോപ്ടേബിൾ ഛർദ്ദിയാൽ നിറഞ്ഞു. ദേശത്തിന്റെ പ്രധാനമന്ത്രി – വളരെ ധർമ്മിഷ്ഠനായ വ്യക്തിയായിരുന്നു, വളരെ ദുഖിതനായി. അയ്യോ, നമ്മൾ എത്തരം വ്യക്തിയെയാണ് പ്രസിഡന്റ് ആക്കിയത്! എന്തുപ്പറ്റിപ്പോയി, രണ്ടാം ദിവസം രാവിലെ അയാളുടെ ഫോൺ വരുന്നു, താങ്കൾ പറഞ്ഞാൽ ഞാൻ രാജി വക്കാം, എന്നാലും എനിക്ക് മദ്യം വിടാൻ കഴിയില്ല. ഞങ്ങളുടെ ഇവിടെയുള്ള രാജകുടുംബത്തിലെ നിയമമാണ്, ഒരു ആചാരമുണ്ട് – യുവരാജാവ് ജനിക്കുമ്പോൾ, രാജാവിന്റെ ആദ്യത്തെ പുത്രൻ ജനിക്കുമ്പോൾ അവന്

സ്വർണ്ണത്തിന്റെ സ്പൂണിൽ ഒരുകവിൾ ഏറ്റവും നല്ല മദ്യം കൊടുക്കുന്നു. എനിക്ക് ജന്മനാൽ തന്നെ ഒരു കവിൾ മദ്യം കിട്ടി. അന്നു മുതൽ കുടിച്ചുകൊണ്ടുവരികയാണ്. എന്റെ രക്തം തന്നെ പകുതി സ്പിരിറ്റാണ്. അതിനാൽ മദ്യം വിടാൻ സാധിക്കില്ല.

അത്തരം വ്യക്തി – അയാളുടെ ഭാഗ്യം ഉണർന്നു, അയാളുടെ ഏതോ പുണ്യം ഉണർന്നു ഗുരുജിയുടെ തപോഭൂമിയിൽ വന്നു. അവിടെത്തെ ശാന്തി കണ്ട്, ജനങ്ങളുടെ മുഖത്തെ കാന്തികണ്ട് വളരെ പ്രഭാവിതനായി. എല്ലാ കാര്യവും മനസ്സിലാക്കിക്കൊണ്ട് പറയുകയാണ്, ഞാനും ഈ സാധന ചെയ്യും. വളരെ ശാസ്ത്രം പഠിച്ചിട്ടുണ്ട്, വിപശ്യനയുടെ കാര്യങ്ങളും വളരെ പഠിച്ചിട്ടുണ്ട്. ഇന്നത്തെ യുഗത്തിലും ആരെങ്കിലും വിപശ്യനയും പഠിപ്പിക്കുന്നുണ്ടോ, ഇതാകട്ടെ കേട്ടിട്ടേ ഇല്ലായിരുന്നു. ചോദിക്കുന്നു –

ഞാനും ചെയ്യട്ടെ.

ചെയ്യു സഹോദരാ, ജോലി തുടങ്ങുന്ന സമയത്ത് നിങ്ങൾക്ക് അഞ്ചു ശീലം എടുക്കേണ്ടതുണ്ട് എന്നിട്ട് അതിന്റെ പാലനം ചെയ്യേണ്ടതുണ്ട്.

അഞ്ചു ശീലം, ഇല്ല, ഇല്ല, നാലു ശീലം. അഞ്ചാമത്തെ ഞാനെടുക്കില്ല.

എങ്കിൽ പോകൂ, ഞാൻ പഠിപ്പിക്കില്ല.

പാവം എന്തു ചെയ്യും ശാന്തിയും വേണം അതിനാൽ സ്വീകരിച്ചു.

ശരി, അഞ്ചു ശീലവും പാലനം ചെയ്യാം എന്നാൽ പത്തു ദിവസത്തേക്ക്.. വീട്ടിൽ പോയാൽ കുടിക്കാമല്ലോ?

വീട്ടിൽ പോയാൽ നിങ്ങളുടെ ഇഷ്ടം, ഇവിടെ കുടിക്കാൻ പറ്റില്ല.

ഏർപ്പെട്ടു, എന്നിട്ട് ജോലി ചെയ്ത് ചെയ്ത് പത്തുദിവസത്തിൽ എന്തായി? ആരും അയാളെ ഭീഷണിപ്പെടുത്തിയില്ല, നീ മദ്യം കുടിച്ചാൽ, മരിച്ച ശേഷം നരഗത്തിൽ പോകും. അങ്ങനെ ഉണ്ടായില്ല. വികാരം നീങ്ങിപ്പോയി, നീങ്ങിപ്പോയി. ആസക്തികൾ മുറിഞ്ഞു മുറിഞ്ഞുപോയി. ഈ സംവേദനകളെ നോക്കിനോക്കി മദ്യത്തിനൊട് ബന്ധിച്ച ഏതൊരു ആസ്ക്തി ഉണ്ടായിരുന്നു അത് മുറിഞ്ഞു മുറിഞ്ഞ് സമാപ്തമായി. വീട്ടിൽ പോയപ്പോൾ സ്വയം കുടിക്കലാകട്ടെ വളരെ ദൂരെ, എങ്ങാനും നൂറടി ദൂരത്തിൽ ഏതെങ്കിലും വ്യക്തി കുടിച്ചു വന്നാൽ മൂക്കടക്കുന്നു, ചീത്ത മണം, ആരാണ് കുടിച്ചു വന്നത്?

എങ്ങനെ മാറി, എന്തുപറ്റി. കേവലം ഒരു ബ്രഹ്മദേശത്തിലെ പ്രസിഡന്റ് ഇങ്ങനെയായിരുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു, ഏതെങ്കിലും ആശ്ചര്യമായി. അയ്യോ, ഇന്നും ആയിരക്കണക്കിന് ജനങ്ങൾ വരുന്നുണ്ട്. കൂടാതെ എത്ര അടിമ, മദ്യത്തിന്റെ, അടിമ ചിലർ പുകയിലയുടെ അടിമ, ചിലർ മയക്കുമരുന്നിന്റെ, ഇതല്ലെങ്കിൽ ചിലർ ക്രോധത്തിന്റെ അടിമ, ചിലർ കാമവാസനക്ക് അടിമ, ചിലർ ഭയത്തിന് അടിമ. മുഴുവൻ അടിമത്വം തന്നെ അടിമത്വം. എന്നിട്ട് ഈ സംവേദന നോക്കി–നോക്കി മുഴുവൻ അടിമത്വവും നീങ്ങിപ്പോകുന്നു. അടിമത്വം ഈ സംവേദനകളോടാണ്. പുറമെ നിന്ന് തോന്നും അടിമ മദ്യത്തിന്റെയാണ്, മയക്കുമരുന്നിന്റെയാണ്. മദ്യം കുടിച്ചാൽ, മയക്കുമരുന്നു കഴിച്ചാൽ ഒരു തരത്തിലുള്ള സംവേദന ഉണ്ടാകുന്നു അപ്പോൾ ആ സംവേദന പ്രിയംകരമായി തോന്നുന്നു, എന്നിട്ട് വീണ്ടും വീണ്ടും ആഗ്രഹിക്കുകയാണ് – അത്തരം സംവേദന ഉണ്ടാകണം, അത്തരം സംവേദന ഉണ്ടാകണം. അയ്യോ, എത്ര ജനങ്ങളാണ് അടിമത്വത്തിൽ നിന്ന് മുക്തരായത്. എത്ര പ്രകാരത്തിലുള്ള അടിമത്വത്തിന്റെ ദുഖത്തിൽ നിന്ന് മുക്തരായി. ആരെങ്കിലും ധർമ്മത്തിന്റെ വഴിയിൽ നടക്കട്ടെ, ആരെങ്കിലും വിപശ്യന ധാരണം ചെയ്യട്ടെ. ചെയ്ത ഉടനെ മംഗളമുണ്ടാകാൻ തുടങ്ങുന്നു. ആര് ധാരണം ചെയ്യുമോ, അവരുടെ മംഗളം തന്നെ മംഗളം. അവരുടെ നന്മതന്നെ നന്മ, അവരുടെ സ്വസ്ഥി തന്നെ സ്വസ്ഥി. അവരുടെ മുക്തി തന്നെ മുക്തി, മുക്തി തന്നെ മുക്തി.